# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1595** — **5.12.2014-ൽ മറുപടിക്ക്**

**സുസ്ഥിര നഗരവികസന പദ്ധതിക്ക് എ.ഡി.ബി സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എ റ്റി ജോർജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം. എ വാഹീദ് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) | എ.ഡി.ബി സഹായത്തോടെയുള്ള സുസ്ഥിരനഗരവികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് പ്രതീക്ഷിക്കുന്നത്; | (ബി) | ഈ പദ്ധതിക്ക് കേന്ദ്രസഹായം ഒന്നും തന്നെ ലഭിക്കുന്നില്ല. എ.ഡി.ബി വായ്പയാണ് ലഭിക്കുന്നത്. |
| സി) | പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | സി) | കേരളത്തിലെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ 1422.47 കോടി രൂപ അടങ്കലുള്ള ഒരു സുസ്ഥിര നഗരവികസന പദ്ധതി നടപ്പിലാക്കുന്നതിന് 221.2 മില്യൻ ഡോളർ വായ്പ അനുവദിക്കുന്ന ഒരു കരാറിൽ 8/12/2006ൽ എ.ഡി.ബി-യുമായി മുൻസർക്കാർ ഒപ്പുവെച്ചിട്ടുണ്ട്. |
| ഡി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | ഡി) | ശുദ്ധജലവിതരണം, ഖരമാലിന്യ/മലിനജല നിർമ്മാർജ്ജനം, വെള്ളക്കെട്ട് നിവാരണം, ഗതാഗതസൗകര്യവികസനം, ദാരിദ്ര്യലഘൂകരണം, ദരിദ്രവിഭാഗങ്ങളുടെ ഉപജീവനകാര്യ വിപുലീകരണം തുടങ്ങിയ കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ